

വനിതകളുടെ യൂത്ത്, സീനിയർ വിഭാഗം ജില്ലാ വോളിബോൾ ചാംപ്യൻഷിപ്പിൽ ജേതാക്കളായ കൊരട്ടി നൈപുണ്യ കോളജ് ടീം

# ജില്ലാ വോളി: നൈപുണ്യ കോളജ് ജേതാക്കൾ

കൊരട്ടി • വനിതകളുടെ യൂത്ത്, സീനിയർ വിഭാഗം ജില്ലാ വോളിബോൾ ചാംപ്യൻഷിപ്പിൽ നൈപുണ്യ കോളജ് ജേതാക്കളായി. സീനിയർ വിഭാഗത്തിൽ പരിയാരം പടിഞ്ഞാക്കര സ്പോർട്സ് അസോസിയേഷൻ, യൂത്ത് വിഭാഗത്തിൽ ചാലക്കുടി എസ്എച്ച്സി ജിഎച്ച്എസ്എസ് എന്നിവർക്കാണു രണ്ടാം സ്ഥാനം. മത്സരങ്ങളുടെ ഉദ്ഘാടനം കോളജ് പ്രിൻസിപ്പൽ ഫാ. കെ.ജെ.പോളച്ചൻ നിർവഹിച്ചു. ജില്ലാ വോളിബോൾ അസോസിയേഷൻ സെക്രട്ടറി പി. ജോഷി ജോർജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശശിധരൻ പനമ്പിള്ളി സമ്മാനം സമർപ്പിച്ചു.

കായിക വിഭാഗം മേധാവി പി.എ.ശ്രീജിത്, അബ്ദുൽ മജീദ്, ഡിസിൽ ഡേവിസ്, പി.പി.ജോസ്മോൻ, ജിതിൻ മാത്യു, അലൻ മാത്യു ടോം, ജിബിൻ ജോസ് എന്നിവർ പ്രസംഗിച്ചു.